പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1241

01.07.2015 ൽ മറുപടിക്ക്

## റേഷൻ വിഹിതം വെട്ടിക്കുറച്ചതും പൊതുവിപണിയിലെ അരിവിലയും

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം**<br>**ശ്രീമതി.കെ.കെ.ലതിക**<br>**ശ്രീമതി. കെ.എസ്.സലീഖ**<br>**ശ്രീമതി. പി. അയിഷാ പോറ്റി** | **ശ്രീ അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഏതെല്ലാം ഇനങ്ങളിൽ എത്ര വീതമാണ് കുറവ് വരുത്തിയിട്ടുള്ളത്; | (എ) ഇല്ല |
| (ബി) ഇത്തരം ഒരു തീരുമാനം ഉണ്ടാകാൻ ഇടയാക്കിയ സാഹചര്യമെന്താണ്; | (ബി) ബാധകമല്ല |
| (സി) അനുവദിച്ച റേഷൻ വിഹിതം സംസ്ഥാനം കൃത്യമായി വിനിയോഗിക്കാത്തതും, അതിന് കണക്ക് നൽകാത്തതും റേഷൻ വിഹിതം കുറയ്ക്കാൻ ഇടയാക്കിയിരുന്നോ; | (സി) സംസ്ഥാനത്തിന് നോർമൽ വിഹിതമായി അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ പൂർണ്ണമായി വിട്ടെടുക്കാറുണ്ട്. |
| (ഡി) സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന അരിയുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ റേഷൻ വിഹിതം വെട്ടിക്കുറച്ചത് പൊതുവിപണിയിൽ അരിവില ക്രമാതീതമായി വർദ്ധിക്കാൻ ഇടയാക്കും എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ? | (ഡി) സപ്ലൈകോയുടെ വാങ്ങൽ വില, കടത്ത് കൂലി , കയറ്റിറക്ക് കൂലി, ഭരണ ചെലവുകൾ എന്നിവ മാസം തോറും കൂടി ക്കൊണ്ടിരിക്കുകയും വില്പന വില കൂട്ടാതിരിക്കുകയും ചെയ്യുന്നത് മൂലം, നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് കൊണ്ട് സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ |

പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തത് കൊണ്ടാണ് അരി ഉൾപ്പെടെയുള്ള സബ്സിഡി സാധനങ്ങളുടെ വില്പന വില പുനർ നിർണ്ണയിച്ചത്.

പൊതു വിപണിയിലെ അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് സപ്ലൈകോയുടെ വാങ്ങൽ വിലയിലും പ്രതിഫലിക്കുന്നു. വളരെ വർദ്ധിച്ച വിലയ്ക്ക് അവശ്യ സാധനങ്ങൾ വാങ്ങി കുറഞ്ഞ നിരക്കിൽ വില്പന നടത്തുന്നതിനാൽ സപ്ലൈകോയ്ക്കുണ്ടാകുന്ന നഷ്ടം വൻ തോതിൽ കൂടുകയും ചെയ്യുന്നുണ്ട്.

ഇങ്ങനെ വൻ വിലക്കുറവിൽ സാധനങ്ങൾ വിൽക്കുന്നതുകൊണ്ട് സംഭവിക്കുന്ന നഷ്ടം മൂലം ഈ ഉത്പന്നങ്ങൾ കൂടുതൽ അളവിൽ സംഭരിക്കുവാൻ സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. ഇങ്ങനെ വൻ വിലക്കുറവിൽ കുറഞ്ഞ അളവിൽ സാധനങ്ങൾ വിൽക്കുന്നതിന് പകരം അവശ്യ സാധനങ്ങളുടെ വില്പനവില പുനർനിർണ്ണയം ചെയ്ത സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിപണിയിടപെടൽ കൂടുതൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതു വിപണി യിടപെടൽ തന്ത്രമാണ് സപ്ലൈകോ ഇപ്പോൾ സ്വീകരിച്ച് വരുന്നത്.

അരി ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ കമ്പോളത്തിൽ തടസ്സമില്ലാതെ ലഭ്യമാക്കാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇത് പൊതു വിപണി വില വർദ്ധനവ് പിടിച്ചു നിർത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ